സൂപ്പർവൈസറി ഡെവലപ്പ്മെൻറ് സെൻറർ
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
കളമശ്ശേരി – 683 104.
www.sdcentre.org
Email id: sdckalamassery@gmail.com
Phone : 0484 2556530

കേരള സർക്കാർ

നമ്പർ :A1/976/2017 തീയതി : 16.08.2017

# സർക്കുലർ

വിഷയം : സൂപ്പർവൈസറി ഡെവലപ്പ്മെൻറ് സെൻറർ കളമശ്ശേരി - അപ്രൻറീസ് ട്രെയിനികളെ നിയമിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ- സംബന്ധിച്ച്.

അപ്രൻറീസ് ട്രെയ്നികളായി വിവിധ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന കുട്ടികൾക്ക് സ്റ്റൈപെൻറ്, പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം ലഭിക്കുന്നില്ല എന്നുള്ള നിരവധി പരാതികൾ ഈ ഓഫീസിൽ ലഭിക്കുന്നുണ്ട്. 01/04/2016 നു ശേഷം പ്രവേശിച്ച അപ്രൻറീസ് ട്രെയ്നികളുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും നാഷണൽ വെബ് പോർട്ടലിൽ Online ആയിട്ട് ചെയ്യേണ്ടതുണ്ട്. ആയതിനാൽ അപ്രൻറീസ് ട്രെയ്നികളെ നിയമിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. എല്ലാ സ്ഥാപനങ്ങളും MHRD (BOAT)യുടെ നാഷണൽ വെബ് പോർട്ടലായ www.mhrdnats.gov.in ൽ എസ്റ്റാബ്ലിഷ്മെൻറ് ഓപ്ഷനിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. അങ്ങനെ രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമേ അപ്രൻറീസ് ആക്ട് പ്രകാരം ട്രെയ്നികളെ നിയമിക്കാൻ അധികാരമുള്ളൂ. രജിസ്ട്രേഷൻ സമയത്തുണ്ടാകുന്ന സംശയനിവാരണത്തിന് ചെന്നൈയിലുള്ള ഐ.ടി ഓഫീസറിൻെറ itofficer@boat-srp.com എന്ന മെയിലിൽ ബന്ധപ്പെടാവുന്നതാണ്.

2. നിയമിക്കപ്പെടുന്ന ട്രെയ്നികളും ഇതേ വെബ്പോർട്ടലിൽ സ്റ്റുഡൻറ് ഓപ്ഷനിൽ റജിസ്റ്റർ ചെയ്ത് userid, password എന്നിവയുടെ Print എടുത്ത് സൂക്ഷിക്കേണ്ടതാണ്.

3. യോഗ്യത പരീക്ഷ പാസായി മൂന്ന് കൊല്ലം കഴിയാത്തവർക്ക് മാത്രമേ അപ്രൻറീസ് ട്രെയ്നിംഗിന് അർഹതയുള്ളൂ. ( സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കുന്ന പരീക്ഷ നടന്ന മാസം മുതൽ 3 വർഷം വരെ)

4. അപ്രൻറീസ് ട്രെയ്നിയായി നിയമിച്ച് 10 ദിവസത്തിനുള്ളിൽ തന്നെ ട്രെയ്നികളുടെ അപ്രൻറീസ് കോൺട്രാക്ട് വെബ് പോർട്ടലിൽ Create ചെയ്യേണ്ടതാണ്.

5. ഓരോ മൂന്ന് മാസം കൂടുമ്പോൾ പ്രോഗ്രസ് റിപ്പോർട്ട് വെബ് പോർട്ടലിൽ Create ചെയ്ത് Submit ചെയ്യുക.

6. ഒരു വർഷത്തെ ട്രെയ്നിംഗ് പൂർത്തിയാക്കുന്ന ട്രെയ്നികളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റും വെബ് പോർട്ടലിൽ Create ചെയ്ത് Submit ചെയ്യുക.

7. ട്രെയ്നികളെ നിയമിച്ചാൽ അതാത് മാസത്തെ സ്റ്റൈപെൻറ് സ്ഥാപനങ്ങൾ കൃത്യമായി വിതരണം ചെയ്യേണ്ടതാണ്. മൂന്നു മാസം കൂടുമ്പോൾ സർക്കാർ നിശ്ചയിച്ചിരിക്കുന്ന മിനിമം സ്റ്റൈപെൻറിൻെറ 50% ഓൺലൈൻ ആയി റിഇംബേഴ്സ് ചെയ്യാവുന്നതാണ്.

8. മേൽ പറഞ്ഞ കാര്യങ്ങൾ കൃത്യമായി ചെയ്താൽ മാത്രമേ ട്രെയ്നിംഗ് പൂർത്തിയാക്കുന്ന കുട്ടികൾക്ക് ഭാരത സർക്കാർ നൽകുന്ന പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ്, സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട റിഇംബേഴ്സ്മെൻറ് എന്നിവ ലഭിക്കുകയുള്ളു.

9. ട്രെയ്നിംഗ് പൂർത്തിയാക്കുന്ന കുട്ടികളുടെ വിവരങ്ങൾ (പേര്, അഡ്രസ്സ്, ഫോൺനമ്പർ, ഇമെയിൽ, BTech/Diploma with branch, SDC Reg No.) സൂപ്പർവൈസറി ഡെവെലപ്പ്മെൻറ് സെൻററിനെ നിർബന്ധമായും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

അസ്സിസ്റ്റൻറ് ഡയറക്ടർ

SUPERVISORY DEVELOPMENT CENTRE KALAMASSERY 683 1.. DEPT. OF ... EDUCATION